# ശഹാദത്ത്- സാക്ഷ്യംവഹിക്കൽ

jthrees@hotmail.com

## എന്താണ് ശഹാദത്ത്?

ഒരു കാര്യത്തിന് സ്വയം സാക്ഷ്യം വഹിക്കുകയത്രെ ശഹാദത്ത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരാൾ തന്നെ ഏകദൈവത്തിന് കീഴ്‌വണങ്ങുന്നതും തൻേറതഖിലം അവന് സമർപ്പിക്കുന്നതും ആത്മാർഥമായ ഏകദൈവവിശ്വാസ പ്രഖ്യാപനത്തിലൂടെയാണ്.

"ലാഇലാഹഇല്ലല്ലാഹ്, മുഹമ്മദ്റസൂലുല്ലാഹ്" (അല്ലാഹു അല്ലാതെ ഒരു ഇലാഹില്ലെന്നും മുഹമ്മദ്നബി അവൻെറ ദൂതനാണെന്നും ഞാൻ സാക്ഷ്യംവഹിക്കുന്നു) എന്ന വിശ്വാസപ്രഖ്യാപനമാണത് കൊണ്ട് ഉദ്ദേശിക്കുന്നത്. അത് മനസ്സറിഞ്ഞ് ഏറ്റു പറയുകയത്രെ വിശ്വാസ പ്രഖ്യാപനത്തിൻെറ പ്രഥമ പടി. വാക്കുകൾ കൊണ്ടും കർമ്മം കൊണ്ടും അതിന്സാക്ഷ്യംവഹിക്കാത്ത ഒരാൾക്ക് വിശ്വാസിയാവുക സാധ്യമല്ല.

ഖുർആനിക വ്യവസ്ഥയുടെ അടിത്തറയായ പഞ്ചസ്തംഭങ്ങളിൽ പ്രഥമവും പ്രധാനവുമാണ് സത്യസാക്ഷ്യപ്രഖ്യാപനം, അഥവാ ശഹാദത്ത്. സൃഷ്ടികളോടുള്ള ഏകദൈവത്തിൻെറ പ്രഥമ കല്പനയും അതാണ്. ഏകനായ ദൈവത്തെ തൻെറ നാഥനായി അംഗീകരിക്കുന്നതിൻെറ അടിസ്ഥാനമാണത്. അവിശ്വാസി വിശ്വാസി ആകുന്നതിൻെറയും രക്തവും ധനവും പവിത്രമാകുന്നതിൻെറയും മാനദണ്ഡം പ്രസ്തുത സാക്ഷ്യവചനങ്ങളുടെ പ്രഖ്യാപനമാകുന്നു.

സാക്ഷ്യവചനം അംഗീകരിച്ചു പ്രഖ്യാപിക്കുന്നതിലൂടെയല്ലാതെ ആരും ഏകദൈവവിശ്വാസിയാവുകയില്ല. കാരണം, ഏകദൈവത്തെ തൻെറ സ്രഷ്ടാവും യജമാനനുമായി അംഗീകരിക്കുന്നതിനുള്ള പ്രതിജ്ഞാവചനം അതാണ്. അതുതന്നെയാണ് അവൻ മനുഷ്യർക്കായി തിരഞ്ഞെടുത്ത ജീവിതവ്യവസ്ഥയുടെ ആദർശസിദ്ധാന്തവും. പഞ്ചസ്തംഭങ്ങളിൽ പരിചയപ്പെടുത്തിയ മറ്റു നാല് കർമങ്ങളും ആദർശപ്രഖ്യാപനത്തിന് ശേഷമാണ് നിർബന്ധമാകുന്നത്. അതാകട്ടെ, ആദർശപ്രഖ്യാപത്തിൻെറ പൂർത്തീകരണവുമായി ബന്ധപ്പെട്ട സംഗതികളാകുന്നു. അവയില്ലാതെ കേവല ആദർശപ്രഖ്യാപനം സ്വീകാര്യമോ ഫലവത്തോ അല്ല. വിശ്വാസിയുടെ ജീവിതത്തിൽനിന്ന് ഒരിക്കലും മാറ്റി നിർത്താനാകാത്ത മൗലികപ്രധാനമായ ഘടകമാകുന്നു ആദർശ പ്രഖ്യാപനം.

സത്യസാക്ഷ്യത്തിന് തികഞ്ഞ ബോധം ആവശ്യമാണ്. താൻ എന്താണ് സാക്ഷ്യം വഹിക്കുന്നതെന്നും തൻെറ ജീവിതത്തിൽ അത് എന്തെല്ലാം സ്വാധീനം ഉണ്ടാക്കുമെന്നും എന്തെല്ലാം പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നും എന്തെല്ലാം പരിവർത്തനം സംഭവിക്കുമെന്നും ഒരാൾക്ക് ബോധ്യമുണ്ടാവൽ അനിവാര്യമാണ്. അതാകട്ടെ ഏകദൈവത്തിന് മാത്രമായിരിക്കണം. ഏതെങ്കിലും വിധത്തിലുള്ള വികാരങ്ങളോ ഭൗതിമായ ലക്ഷ്യങ്ങളോ അതിന് കാരണമായിക്കൂടാ. ഏകദൈവത്തിങ്കൽ അത് സ്വീകാര്യമാവുകയില്ല.

## രണ്ട് ഭാഗങ്ങൾ

### *ഒന്ന്, ഏകദൈവ വിശ്വാസം*

മുകളിൽ പറഞ്ഞ വിശ്വാസവാക്യത്തിന് രണ്ട് ഭാഗങ്ങളാണുള്ളത്. അതിൻെറ ആദ്യ ഭാഗം "അല്ലാഹു അല്ലാതെ ഒരു ഇലാഹില്ല" എന്നാകുന്നു. ഇലാഹ് എന്ന വാക്കിന് ഒറ്റ വാക്കിൽ അർഥം പറയുക സാധ്യമല്ല. പല അറബി പദങ്ങളും അങ്ങനെയാണ്. ഇലാഹിന് ആരാധ്യൻ എന്ന് സാമാന്യമായി പറയാമെങ്കിലും അതിൻെറ ഉദ്ദേശ്യം വിശാലമാണ്. പ്രപഞ്ചസ്രഷ്ടാവ്, സംരക്ഷകൻ, ഉടമസ്ഥൻ, വിധികർത്താവ്, ഭരണാധികാരി, പരിപാലകൻ, ആഹാരം നല്കുന്നവൻ, അപേക്ഷകളും പ്രാർഥനകളും സ്വീകരിക്കുന്ന

വൻ, ഭക്തി പുരസ്സരം ആരാധിക്കപ്പെടുന്നവൻ, അഭയമേകുന്നവൻ എന്നൊക്കെയാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്.

അല്ലാഹു തൻെറ ഇലാഹാണെന്ന് ഒരാൾ സമ്മതിക്കുമ്പോൾ മുകളിൽ എണ്ണിപ്പറഞ്ഞ അർഥങ്ങളിലെല്ലാം അയാൾ അല്ലാഹുവിനെ സമ്മതിക്കുകയും മറ്റെല്ലാ ദൈവങ്ങളിൽ നിന്നും മുക്തനാവുകയും അവൻെറ നിയമങ്ങൾക്കനുസരിച്ച് ജീവിക്കുകയും വേണം. കാരണം, അയാൾ തൻെറ വിശ്വാസ പ്രഖ്യാപനത്തിലൂടെ ഏകദൈവവുമായി ശക്ത മായ ഒരു ഉടമ്പടിയിൽ ഏർപ്പെടുകയാണ് ചെയ്യുന്നത്. അതിപ്രകാരമാണ്:

1. ഈ കാണുന്ന പ്രപഞ്ചത്തിൻെറ സ്രഷ്ടാവ് നീ ഒരുവൻ മാത്രമാണ്, നീയല്ലാതെ ദിവ്യത്വത്തിന് അർഹനായി മറ്റാരുമില്ല, അതിനാൽ എൻെറ ദാസ്യം നിനക്കായതു പോലെ നീ മാത്രമാണ് എൻെറയും മുഴുലോകത്തിൻെറയും ആരാധനകൾക്കും പ്രാർഥ നകൾക്കും ഭക്തിക്കും പ്രതീക്ഷകൾക്കും അർഹൻ, കാരണം, നീയാണ് സ്രഷ്ടാവും പരമാധികാരിയും.

2. പ്രപഞ്ചത്തിലുള്ളതെല്ലാം നിൻെറതു മാത്രമാണ്. നീ തന്നെയാണ് സർവ ചരാചര ങ്ങളുടെയും ഉടമസ്ഥനുംസൃഷ്ടികൾക്ക് ആവശ്യമായ വിഭവങ്ങൾ നല്കി സംരക്ഷിക്കു ന്നതും. മരണവും ജീവിതവും നിൻെറ കൈയിലാണ്. ഇവിടെ ആർക്കെങ്കിലും എന്തെ ങ്കിലും ലഭിക്കുന്നുവെങ്കിൽ അത് നിന്നിൽനിന്നു മാത്രമാണ് എന്നും തുറന്ന് സമ്മതിക്ക ലാണ്.

3.എനിക്ക് ഭയഭക്തിയോടെ കീഴ്വണങ്ങാനുള്ളത് നിന്നെ മാത്രമാണ്. ഞാൻ പ്രാർഥി ക്കേണ്ടത് നിന്നോടു മാത്രമാണ്. പ്രതീക്ഷ വെച്ചുപുലർത്തേണ്ടത് നിന്നോട് മാത്രം. കാരണം, നീയല്ലാതെ മറ്റൊരു യജമാനനുമില്ല, മറ്റൊരു രക്ഷാകർത്താവോ സംരക്ഷക നോ ഇല്ല. നിൻെറ കല്പനകൾക്കൊത്തു ജീവിക്കുകയത്രെ എൻെറ യഥാർഥ കർ ത്തവ്യം.

ഒരാൾ താനുമായി ചെയ്യുന്ന കരാറിനെ ഏകദൈവം സസൂക്ഷ്മം വീക്ഷിക്കുകയും രേഖപ്പെടുത്തിവെക്കുകയും ചെയ്യുന്നുണ്ട്. അതിനവൻ പ്രതിഫലം നിശ്ചയിച്ചിട്ടുണ്ട്.

## *രണ്ട്, പ്രവാചകത്വം*

ലാഇലാഹ ഇല്ലല്ലാഹ് എന്ന വാക്യത്തിനു ശേഷം ഒരാൾ പറയുന്നത" മുഹമ്മദ് റസൂലുല്ലാഹ്" എന്നാണ്. മുഹമ്മദ്നബി അല്ലാഹുവിൻെറ ദൂതനാകുന്നു എന്നത്രെ പ്രസ്തുത വാക്യത്തിൻെറ അർഥം. അതായത്, പ്രവാചകൻ മുഹമ്മദി(സ)നെ തൻെറ നബിയും സന്മാർഗഗുരുനാഥനുമായി അംഗീകരിക്കുകയും ഏകദൈവം അദ്ദേഹം മുഖേന തൻെറ ദാസന്മാർക്ക് നല്കിയ മാർഗനിർദ്ദേശ തത്വങ്ങളെയും ജീവിത വ്യവസ്ഥയെയും തൻെറയും ജീവിതവ്യവസ്ഥയായി അംഗീകരിക്കുകയും ചെയ്തു എന്ന കരാറാണ് അതിലൂടെ ചെയ്യുന്നത്. അതോടെ പ്രവാചകനെയല്ലാതെ മറ്റാരെയും തൻെറ ജീവിതത്തിൻെറ വഴികാട്ടിയായി അംഗീകരിക്കാതിരിക്കണം. സ്വന്തം താല്പര്യ ത്തെക്കാൾ അദ്ദേഹത്തിൻെറ താല്പര്യത്തിന് മുൻഗണന നല്കണം. മറ്റാരുടെ നിർദ്ദേ ശത്തെക്കാളും അദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾ സ്വീകരിക്കണം. കാരണം, അദ്ദേഹം കല്പിച്ചതും വിരോധിച്ചതും ഏകദൈവത്തിൻെറ നിർദ്ദേശപ്രകാരമണ്. മറ്റാരെയെങ്കിലും നേതാവായി അംഗീകരിക്കുന്നതിന്പകരം അദ്ദേഹത്തെ നേതാവായി അംഗീകരിക്കണം. മറ്റാരേയും സ്നേഹിക്കുന്നതിനെക്കാൾ ഉപരി അദ്ദേഹത്തെ സ്നേഹിക്കണം. മറ്റാരെ ക്കാളും അദ്ദേഹത്തിന് ബഹുമാനാദരവുകൾ നല്കണം. ഉപരി തൻെറ ജീവിതത്തിൻെറ മാതൃകയായി അദ്ദേഹത്തെ അനുകരിക്കണം.

### മനുഷ്യബാധ്യതകൾ

അല്ലാഹുവിനെ അംഗീകരിച്ചു കഴിഞ്ഞാൽ പിന്നെ അവൻെറ നിയമങ്ങൾക്കൊത്ത് ജീവിക്കുകയെന്നതാണ് മനുഷ്യൻെറ ബാധ്യത. പ്രസ്തുത നിയമങ്ങൾ എന്തൊക്കെയാണെന്ന് മനുഷ്യനെ പഠിപ്പിക്കാനും അഭ്യസിപ്പിക്കാനുമാണ്പ്രവാചകൻ മുഹമ്മദ്(സ) ആഗതനായത്. അതിലൂടെ അദ്ദേഹം ലോകത്തെ ബോധ്യപ്പെടുത്തിയ ജീവിതദർശനത്തെയും സന്മാർഗത്തെയും അണുഅളവും തെറ്റാതെ അതനുസരിച്ച് ജീവിക്കുകയും അതിനെതിരായ സകല വ്യവസ്ഥകളെയും തിരസ്കരിക്കുകയും ചെയ്യുകയെന്നതാണ് അതിൻെറ തേട്ടം. ഇതത്രെ “ലാഇലാഹഇല്ലല്ലാഹ്,മുഹമ്മദ് റസൂലുല്ലാഹ്” എന്ന സാക്ഷ്യം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതത്രെ മനുഷ്യനെ ഈ ലോകത്തേക്ക് ഏകദൈവം സൃഷ്ടിച്ചയച്ചതിൻെറ പൊരുൾ. അതിനു വേണ്ടിയാണ് നാം അനുഭവിക്കുന്ന എല്ലാ വിഭവങ്ങളും ഏകദൈവം നമുക്ക് സംവിധാനിച്ചുതന്നിട്ടുള്ളത്.

## ഖുർആനിക വ്യവസ്ഥയുടെ അടിസ്ഥാനം

ഖുർആനിക വ്യവസ്ഥയുടെ അടിത്തറയത്രെ “ലാഇലാഹഇല്ലല്ലാഹ്,മുഹമ്മദ് റസൂലുല്ലാഹ്” എന്ന സിദ്ധാന്തം. സൃഷ്ടികളോടുള്ള ഏകദൈവത്തിൻെറ പ്രഥമ കല്പന അത് അംഗീകരിക്കുവാനാണ്. അവിശ്വാസി വിശ്വാസി ആകുന്നതിൻെറയും രക്തവും ധനവും പവിത്രമാകുന്നതിൻെറയും ദൈവികകോപം സ്നേഹത്തിന് വഴിമാറുന്നതിൻെറയും മാനദണ്ഡം പ്രസ്തുത സാക്ഷ്യവചനങ്ങളുടെ അംഗീകാരമാകുന്നു. ഈ ആദർശസിദ്ധാന്തം ഉൾക്കൊള്ളുന്ന ആശയം അംഗീകരിക്കുന്നതിലൂടെയല്ലാതെ ആരും ഏകദൈവ വിശ്വാസിയാവുകയില്ല. കാരണം, ഏകദൈവത്തെ തൻെറ സ്രഷ്ടാവും യജമാനനുമായി അംഗീകരിക്കുന്നതിനുള്ള പ്രതിജ്ഞാവചനം അതാകുന്നു.

ചിലരുടെ ധാരണ ഏകദൈവത്തെ അംഗീകരിച്ചാൽ മതി, ഒരിക്കലും സത്യസാക്ഷ്യവചനം ഉരുവിടേണ്ടതില്ല എന്നത്രെ. അത് ശരിയല്ല. കാരണം, അംഗീകാരംമാത്രമല്ല, തുറന്ന പ്രഖ്യാപനവും കർമവുമാണ് ഏകദൈവ വിശ്വാസത്തിന് ആവശ്യം. അത് ഏകദൈവത്തിൻെറ കണിശമായ നിർദ്ദേശമാണ്.

## കർമങ്ങൾക്ക് അടിസ്ഥാനം

കർമങ്ങൾ സ്വീകരിക്കപ്പെടാനുള്ള മാനദണ്ഡമാണ് സത്യസാക്ഷ്യ പ്രഖ്യാപനം. അത് മനസ്സറിഞ്ഞ് ബോധപൂർവം തുറന്നു പ്രഖ്യാപിക്കാതെ എത്ര വലിയ ആരാധനാകർമങ്ങൾപോലും ദൈവത്തിങ്കൽ സ്വീകാര്യമല്ലാതെയാകും. ഈ വചനത്തോടുള്ള കൂറും ആത്മാർഥതയും പരിഗണിച്ചുകൊണ്ടാണ് ഒരാളുടെ ജീവിതം ഏകദൈവം അംഗീകരിക്കുന്നത്. കാരണം, ഏതെങ്കിലും പാർട്ടികളുടെ വചനം പോലെ ലാഘവ സ്വഭാവത്തിലുള്ളതല്ല അത്. പ്രത്യുത, ഏകദൈവം മനുഷ്യനു വേണ്ടി തിരഞ്ഞെടുത്ത ജീവിതദർശനത്തിൻെറ അടിസ്ഥാന സിദ്ധാന്തമാണത്.

ഒരു ആദർശമെന്ന നിലയിൽ ഖുർആൻെറ ജീവിതവ്യവസ്ഥക്കും മനുഷ്യൻെറ ആത്മീയ-ഭൗതിക ജീവിതത്തിനുമിടയിൽ പ്രകൃതിപരമായ ഒരു ബന്ധമുണ്ട്. അതാകട്ടെ പല തലങ്ങളിലും രംഗങ്ങളിലുമായിരിക്കും പ്രതിഫലിക്കുക. സ്ഥല-കാല പരിമിതകൾക്കുള്ളിൽ അവയെ ഒതുക്കിയിടാനാകില്ല. അനുസ്യൂതതയാർന്ന അതിൻെറ അനന്തത ദൈവത്തിൻെറ അസ്തിത്വവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ധാർമികയും സംതുലിതവുമായ നാഗരികജീവിതം കെട്ടിപ്പടുക്കാൻ പഞ്ചസ്തംഭങ്ങൾ മനുഷ്യനെ പഠിപ്പിക്കുമ്പോൾ അവക്ക് സംസ്കാരവും ദിശാബോധവും നല്കുകയാണ് ഈ അടിസ്ഥാന സിദ്ധാന്തം ചെയ്യുന്നത്. ഖുർആനിൻെറ ജീവിതവ്യവസ്ഥയുടെ മാത്രം പ്രത്യേകതയായി അത് ലോകത്ത് വേറിട്ടുനില്ക്കുന്നു.

## സ്വാധീനം

മനുഷ്യജീവിതത്തിൻെറ ആയവ്യയങ്ങളിലും വൈയഹാരികമേഖലകളിലുമൊക്കെ വ്യത്യസ്തങ്ങളായ വൈകാരികത സ്വാധീനം ചെലുത്തിയേക്കാം. വൈവാഹിക രംഗ ത്ത്

മുൻഗണന നല്കേണ്ട കാര്യമല്ല കച്ചവടരംഗത്ത് ആവശ്യമായത്. അതല്ല ഉദ്യോഗരംഗത്ത് വേണ്ടത്. ഓരോന്നും ഓരോ ഘടകത്തെ ആശ്രയിച്ചാണിരിക്കുന്നത്. എന്നാൽ അവയെ എല്ലാം ദൈവത്തിനുള്ള ആരാധന എന്ന സൽവികാരത്തിൽ വിളക്കിച്ചേർക്കുകയും അനുഷ്ഠാവിനെ പ്രതിഫലത്തിന് വിധേയനാക്കുകയും ചെയ്യുന്നതാണ് വിശ്വാസപ്രഖ്യാപനം. വിശ്വാസം ഇല്ലാതുന്നതോടെ ജീവശ്വാസം ഇല്ലാതുന്നതുപോലെ, മരണം സംഭവിക്കുന്നതുപോലെ ദൈവികലോകത്ത് മനുഷ്യൻ പതിതനായിമാറുന്നു.

## പരിമിതികൾക്ക് അപ്പുറം

ഖുർആൻെറ ജീവിത വ്യവസ്ഥ നിർബന്ധമാക്കിയ അനുഷ്ഠാനങ്ങൾ-പഞ്ചസ്തംഭങ്ങൾ- സ്ഥല-കാലങ്ങൾക്കനുസരിച്ചാണ് അവയുടെ പ്രാധാന്യം നിലകൊള്ളുന്നത്. ഹജ്ജ് മാസങ്ങളിലല്ലാതെ ഹജ്ജ് ശരിയാവുകയില്ല. റമദാനിലെ നോമ്പ് ആ മാസം തന്നെ അനുഷ്ഠിക്കണം. നമസ്കാരത്തിന് നിർണയിച്ച സമയം പരിഗണിച്ച് അനുഷ്ഠിച്ചാൽ മാത്രമേ അത് ശരിയാവുകയുള്ളൂ. എന്നാൽ ഈ പ്രാധാന്യമല്ല വിശ്വാസ പ്രഖ്യാപനത്തിനുള്ളത്. അത് ജീവൻ നിലനിർത്താനുള്ള ശ്വാസം പോലെ നിത്യമാണ്. നിർത്തിവെക്കാനാകാത്ത നൈരന്തര്യമാർന്നതാണ്. ആ നൈരന്തര്യം ഇല്ലാതാകുന്നതോടെ വ്യക്തി നാശിക്കുന്നു. അതേയവസരം, മേൽ സൂചിപ്പിച്ച ഓരോ ആരാധനാകർമവും ആദ്യമായി ചെയ്യുന്നത് വിശ്വാസപ്രഖ്യാപനത്തെ പുതുക്കുകയും ശക്തമാക്കുകയും എല്ലാ വിധ കേടുകളിൽനിന്നും സുരക്ഷിതമാക്കുകയുമാണ് ചെയ്യുന്നത്. കാരണം അതാണല്ലോ ഏകദൈവവുമായി വ്യക്തിയെ ബന്ധിപ്പിക്കുന്ന ശക്തമായ പാശം.

## വൈപരീത്യം

ഏകദൈവമാണ് പ്രപഞ്ച സ്രഷ്ടാവെന്നും അവൻെറ ഇംഗിതങ്ങൾക്കൊത്താണ് പ്രപഞ്ചം ചലിക്കുന്നതെന്നും അവനാണ് എല്ലാ സൃഷ്ടികളുടെയും ഉടമയും യജമാനനെന്നും അവനെക്കൂടാതെ പരമാധികാരിയായ ദൈവം വേറെയില്ലെന്നും എല്ലാവരും അംഗീകരിക്കുന്ന വസ്തുതയാണ്. പക്ഷേ, അക്കാര്യം തുറന്ന് പ്രഖ്യാപിക്കാൻ പലർക്കും ഭയമാണ്. കുടുംബങ്ങളെയും ബന്ധുജനങ്ങളെയും നാട്ടുകാരെയും സംബന്ധിച്ച ഭീതി. ഏകദൈവത്തിൻെറ കഴിവിനെക്കുറിച്ച ബോധ്യമില്ലായ്മയും അവൻ തന്നെ സംരക്ഷിക്കുമെന്ന വിശ്വാസക്കുറവും മൂലമുണ്ടായ തകരാറാണിത്. തൻെറ മനസ്സിൽ എങ്ങനെയോ സ്ഥാനം പിടിച്ച ദൈവത്തിൻെറ കഴിവിൽ വിശ്വാസമില്ല എന്നല്ലേ അതിനർഥം? പിന്നെ അയാളുടെ ദൈവവിശ്വാസത്തിന് എന്തർഥമാണു ള്ളത്? അതല്ല സംഗതി. തന്നെഅംഗീകരിച്ചു ജീവിക്കുന്നവരെ അവൻ എല്ലാറ്റിൽ നിന്നും സംരക്ഷിക്കും. തൻെറ സ്നേഹവും അനുഗ്രഹവും അവന് ധാരാളം ചൊരിഞ്ഞുകൊണ്ടിരിക്കും. അവനെതിരെയുണ്ടാകുന്ന എല്ലാ വിപത്തിനെയും ഏകദൈവം തടയും. ഇനി വല്ല ആപത്തും അവന് ഏല്ക്കേണ്ടിവന്നാൽ അതിന് ദൈവം വൻപ്രതിഫലം നല്കും, ഒരു വ്യവസ്ഥിതിയും ആർക്കും കൊടുക്കാത്ത വിധം. പിന്നെ ഏകദൈവത്തെ അംഗീകരിക്കാൻ ആരെ ഭയപ്പെടണം? കാരണം, എല്ലാവരും ദൈവികശക്തിക്കു മുമ്പിൽ നിസ്സഹായരാണ്. അവർ ഉദ്ദേശിക്കുന്നതല്ല സംഭവിക്കുക, ദൈവംഇഛിച്ചതണ് സംഭവിക്കുക. തനിക്ക് ശരിയെന്ന് ബോധ്യമായ ഒരു സംഗതി പ്രഖ്യാപിക്കാതെ നീട്ടിവെക്കുന്നത് കുറ്റകരമാണ്. അതിൻെറ ഫലം ദൈവകോപാണ്.

തനിക്ക് ജീവൻ നല്കുകയും ആവശ്യമായ വിഭവങ്ങൾ തന്ന് തന്നെ അനുഗ്രഹിക്കുകയും ചെയ്ത തൻെറ യജമാനനെ അംഗീകരിക്കാൻ എത്രയും നേരത്തെ സാധിക്കുമോ അത്രയും നേരത്തെ അതിന് തയാറാകണം. അതത്രെ അവനോടുള്ള നമ്മുടെ

കൃതജ്ഞത പ്രകടിപ്പിക്കാനുള്ള വഴി. അവൻ ചെയ്തു തന്ന ഔദാര്യങ്ങൾക്ക് അവനോട് നന്ദി കാണിക്കാത്ത ജീവിതത്തിന് എന്തർഥമാണുള്ളത്?

ഘടകങ്ങൾ

സത്യസാക്ഷ്യവചനം യാഥാർഥ്യമാകുന്നത് താഴെ പറയുന്ന കാര്യങ്ങൾ ഒരാളുടെ ജീവിതത്തിൽ ഉണ്ടാകുമ്പോഴാണ്.

*ഒന്ന്. തൻെറ ആരാധനകൾ ഏകദൈവമായ അല്ലാഹുവിന്മാത്രം അർപ്പിക്കുക.*

അവൻെറ പ്രതിഫലം കാംക്ഷിച്ച് അവനുവേണ്ടി ചെയ്യുന്ന എല്ലാ കർമങ്ങളും ആരാധനയാകുന്നു. നമസ്കാരം, നോമ്പ്, പ്രാർഥന, സഹായം തേടൽ, നേർച്ച, ബലി, സകാത്ത് തുടങ്ങിയ ആരാധനകളഖിലവും അവനു വേണ്ടി മാത്രം ചെയ്യുക. ആരാധനകളുടെയോ പ്രാർഥനകളുടെയോ ഏതെങ്കിലും ഒരു വശം അവനല്ലാത്ത ആർക്കെങ്കിലും നിർവഹിച്ചാൽ അവൻ ഏകദൈവാരാധകനല്ല, ബഹുദൈവാരാധകനാണ്.അവൻ സത്യസാക്ഷ്യവചനം പൂർത്തീകരിക്കാത്തവനായി മാറി.

*രണ്ട്, ഏകദൈവമായ അല്ലാഹു അറിയിച്ചതെല്ലാം വിശ്വസിക്കുക.*

മനുഷ്യബുദ്ധി പരിമിതിയുള്ളതാണ്. അവന്നല്കപ്പെട്ട വിജ്ഞാനവും പരിമിതമാണ്. എല്ലാറ്റിൻെറയും ഉടമ ഏകദൈവമായതുപോലെ വിജ്ഞാനവും അവൻേറതാണ്. അവൻ അറിയിച്ചതല്ലാതെ ആർക്കും ഒന്നും അറിയില്ല. ലോകത്തെ വലിയ ശാസ്ത്രജ്ഞനും പണ്ഡിതനും ഏകദൈവം മനുഷ്യർക്ക് നിശ്ചയിച്ച അറിവിൻെറ പരിധിയിൽ കറങ്ങുകയാണ് ചെയ്യുന്നത്. അതവനെ നിഷേധിച്ചുകൊണ്ടായാലും ശരി, അംഗീകരിച്ചുകൊണ്ടായാലുംശരി. ഈ യാഥാർഥ്യം ആർക്കും നിഷേധിക്കാനാകില്ല. വിജ്ഞാനം മനുഷ്യൻ സ്വയം ഉണ്ടാക്കുകയല്ല ചെയ്യുന്നത്, ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിൽനിന്ന് കണ്ടെത്തുകയാണ് ചെയ്യുന്നത്.

ഏകദൈവത്തിൽനിന്നുള്ള വിജ്ഞാനമാണ് യഥാർഥമായത്. അത് അംഗീകരിക്കുകയാണ് മനുഷ്യരുടെ ബാധ്യത. അവൻ മനുഷ്യരെ അറിയിച്ച കാര്യങ്ങളിൽ ഭൗതിക കാര്യങ്ങളുണ്ട്, അഭൗതിക കാര്യങ്ങളുണ്ട്. അഭൗതിക കാര്യങ്ങൾ മനുഷ്യന് സ്വബുദ്ധി ഉപയോഗപ്പെടുത്തി കണ്ടെത്താനാകില്ല. അതിൽ വിശ്വസിക്കുകയും കർമതലത്തിൽ കൊണ്ടുവരികയും ചെയ്യേണ്ടത് മനുഷ്യർക്ക് നിർബന്ധമാണ്. അതിനാലാണ് അത്തരം കാര്യങ്ങൾ അവൻ നമ്മെ ദൈവദൂതന്മാർ മുഖേന അറിയിച്ചത്. സ്വർഗം, നരകം, വേദഗ്രന്ഥങ്ങൾ, പരലോകം മുതലായ കാര്യങ്ങളൊക്കെ ശരിയായ രീതിയിൽ ദൈവം നമ്മെ അറിയിച്ച അഭൗതിക കാര്യങ്ങളാണ്. അവയിലൊക്കെ മനുഷ്യൻ അനിവാര്യമായും വിശ്വസിച്ചാൽ മാത്രമേ വിശ്വാസപ്രഖ്യാപനം സാധുവാകുകയുള്ളൂ.

*മൂന്ന്, അല്ലാഹു അല്ലാതെ ആരാധിക്കപ്പെടുന്ന സകലതിനെയും വെടിയുക.*

ഇത് ഏകദൈവവിശ്വാസത്തിൻെറ അനിവാര്യ ഉപാധിയാകുന്നു. സത്യസാക്ഷ്യവചനത്തിലെ ആദ്യഭാഗമായ "ലാഇലാഹഇല്ലല്ലാഹ്" എന്നതു തന്നെ ഒരു നിഷേധവും ഒരു സ്ഥാപനവും അടങ്ങിയതാണ്. അതായത്, ഒരു ആരാധ്യനുമില്ല, ഏകദൈവമല്ലാ തെ. ഇതാണാ വൈരുദ്ധ്യാവസ്ഥ. എന്നുവെച്ചാൽ ഏകദൈവമല്ലാത്ത എല്ലാ സാങ്കല്പിക ദൈവങ്ങളെയും മനസ്സിൽനിന്ന് കഴുകിക്കളയണം.

പ്രവാചകൻ(സ) പറഞ്ഞു: "അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്ന് പ്രഖ്യാപിക്കുകയും അവനെക്കൂടാതെ ആരാധിക്കപ്പെടുന്നവയെ അവിശ്വസിക്കുകയും ചെയ്യുന്നവൻെറ രക്തവും ധനവും പവിത്രമാണ്. അവൻെറ വിചാരണ അല്ലാഹുവിങ്കലത്രെ." അതിനുള്ള ഉപാധികൾ ഇവയാകുന്നു:

ഒന്ന്,അല്ലാഹുവല്ലാതെ ദൈവമില്ലെന്ന് പ്രഖ്യാപിക്കുക.
രണ്ട്, അല്ലാഹുവല്ലാതെ ആരാധിക്കപ്പെടുന്ന സകലതിനെയും വർജിക്കുക. അഥവാ, വിശ്വാസംകൊണ്ടും പ്രവർത്തനം കൊണ്ടും ബഹുദൈവത്വം പാടെ നിരാകരിക്കുക.

മൂന്ന്, അല്ലാഹുവും അവൻെറ ദൈവദൂതനായ മുഹമ്മദ്നബിയും കല്പിച്ച കാര്യങ്ങൾ അനുസരിച്ച് ജീവിക്കുക.

മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ അംഗീകരിച്ചു ജീവിക്കുന്നതിനെയാണ് ഏകദൈവത്തിൻെറ പാശംമുറുകെ പിടിക്കുക എന്നു പറയുന്നത്. പാശം കൊണ്ടർഥമാക്കുന്നത് ദൈവിക ജീവിതവ്യവസ്ഥയാണ്.

## നിബന്ധനകൾ

സത്യസാക്ഷ്യവചനം പ്രഖ്യാപിക്കുന്നതിനുള്ള ഉപാധികൾ ഇവയാണ്.

ഒന്ന്, ദൃഢമായ അറിവ്.

ഏകദൈവമല്ലാതെ ദൈവം വേറെയില്ലെന്നും അവനാണ് ആരാധനകൾക്കും പ്രാർഥനകൾക്കും ഉടമയെന്നും ശരിക്കും ഗ്രഹിക്കുക.

രണ്ട്, ഉറപ്പ്.

മുകളിൽ പറഞ്ഞ കാര്യം ഒരു വിധത്തിലുള്ള സംശയത്തിനും പഴുതില്ലാത്ത വിധം മനസ്സിൽ ഉറപ്പിച്ചശേഷമാകണം പ്രഖ്യാപിക്കേണ്ടത്.

മൂന്ന്, നിഷ്കളങ്കത.

എല്ലാ ആരാധനകളും തൻെറ രക്ഷിതാവായ ഏകദൈവത്തിന് മാത്രം നിഷ്കളങ്കമായി അനുഷ്ഠിക്കണം. അതിൽ ഒരു വിധ അതൃപ്തിയോ മുറുമുറുപ്പോ അലസതയോ നിർബന്ധിതഭാവമോ പാടില്ല. അതിൽനിന്ന് യാതൊന്നും ഏകദൈവമല്ലാത്ത ആർക്കു വേണ്ടിയും ആകരുത്.

നാല്, സത്യസന്ധത.

തൻെറ സത്യസാക്ഷ്യ പ്രഖ്യാപനം സത്യസന്ധമായിരിക്കണം. മനസ്സിലുള്ളതാകണം നാവ്കൊണ്ട് പറയുന്നത്. ആപ്രഖ്യാപനത്തിൽ വേറെ ഏതെങ്കിലും തരത്തിലുള്ള വികാരങ്ങളോ സ്വാധീനമോ ഉണ്ടാകരുത്. അത്തരം വികാരങ്ങൾ മുമ്പിൽ വെച്ച് പറയുന്നത് കപടവിശ്വാസമാണ്. അത് അല്ലാഹുവിങ്കൽ സ്വീകാര്യമല്ല.

അഞ്ച്, സ്നേഹവും ഭക്തിയും പ്രതീക്ഷയും

ഏകദൈവ വിശ്വാസത്തിൻെറയും കർമങ്ങളുടെയും ശരിയായ മജ്ജ ഇവ രണ്ടിനെയും ആശ്രയിച്ചിരിക്കുന്നു. അവയില്ലാതെ കർമങ്ങളൊന്നും സ്വീകരിക്കപ്പെടുകയില്ല. ഈ ഗുണങ്ങളില്ലാതെ സത്യസാക്ഷ്യവചനം പ്രഖ്യാപിക്കാവതല്ല. കാരണം, എല്ലാറ്റിനുമുണ്ടല്ലോ അതിൻെറതായ വികാരങ്ങൾ.

ആറ്, വിധേയത്വം,അനുസരണം.

അല്ലാഹുവെ മാത്രം ആരാധിക്കുന്നതോടൊപ്പം അവൻെറ നിയമങ്ങൾ ക്ക് കീഴ്പ്പെട്ടു ജീവിക്കുകയും അനുസരിക്കുകയും വേണം. അല്ലാത്ത വിശ്വാസ പ്രഖ്യാപനം സ്വീകാര്യമല്ല.

ഏഴ്, മനഃസംതൃതപ്തി.

സത്യസാക്ഷ്യവചനം പ്രഖ്യാപിക്കുന്നതിനെ തുടർന്നുണ്ടാകുന്ന എല്ലാ കാര്യങ്ങളും അതിനനുസരിച്ചു ജീവിക്കുന്നതിലെ മുഴുവൻ താല്പര്യങ്ങളും സംതൃപ്ത മനസ്സോടെ അംഗീകരിക്കണം.

## വിരുദ്ധമായ കാര്യങ്ങൾ

താഴെ പറയുന്ന കാര്യങ്ങൾ പ്രവർത്തിക്കുന്നത് ഏകദൈവവിശ്വാസത്തെ നശിപ്പിക്കുന്ന കാര്യങ്ങളാകുന്നു.

ഒന്ന്,അല്ലാഹുവല്ലാത്ത വല്ല ശക്തിയോടും പ്രാർഥിക്കുന്നത് സത്യസാക്ഷ്യത്തിന് വിരുദ്ധ മാണ്. അത്തരക്കാരോട് ഭക്തി പുലർത്തുന്നതും അവരുടെ ശിപാർശ പ്രതീക്ഷിക്കു ന്നതും അവരെ ആരാധിക്കുന്നതും വിശ്വാസത്തെ നശിപ്പിക്കുന്നതാണ്.

രണ്ട്, ദൈവികവ്യവസ്ഥക്കെതിരെയുള്ള വിശ്വാസങ്ങളെയും ആചാരങ്ങളെയും സ്നേഹി ക്കുന്നത് വിശ്വാസത്തിന് വിരുദ്ധമാണ്.

മൂന്ന്, മുഹമ്മദ്നബി(സ)യുടെ അദ്ധ്യാപനങ്ങൾക്കു പുറമെ മറ്റേതെങ്കിലും ആദർശ സിദ്ധാന്തത്തിന് വഴിപ്പെട്ട് ജീവിക്കുക. അതും ഏകദൈവ വിശ്വാസത്തെ നശിപ്പിക്കുന്ന താണ്.

നാല്, പ്രവാചകൻ മുഹമ്മദ്(സ) പഠിപ്പിച്ച ഏതെങ്കിലും നിർദ്ദേശങ്ങളെ വെറുക്കുകയോ വിമർശിക്കുകയോ പരിഹസിക്കുകയോ ചെയ്യുക. അത്തരക്കാർ ദൈവനിഷേധികൾ കൂടിയാണ്.

അഞ്ച്, ദൈവിക വ്യവസ്ഥക്കെതിരെ മറ്റുള്ളവരെ സഹായിക്കുക.
ആറ്, ദൈവിക വ്യവസ്ഥയിലുള്ള ഏതെങ്കിലും സംഗതികളെ നിഷേധിക്കുക.

ഏഴ്, അല്ലാഹു അനുവദനീയമാക്കിയതിനെ നിഷിദ്ധമാക്കുക, അവൻ നിഷിദ്ധമാക്കി യതിനെ അനുവദനീയമാക്കുക.